# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടപ്പാൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM5/2/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 15/03/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടപ്പാൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM5/2/2022 തീയ്യതി: 15/03/2022

## മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 19-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 20-12-2021 | 30-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-12-2021 | 30-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി.,ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൽ ഗഫൂർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷജീർ.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സുജിത.പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.പി. ബിജോയ് | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 01-11-2020 | 30-12-2020 |
| സുബൈദ സി.വി. | പ്രസിഡന്റ് | 01-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനയൻ.എം.വി. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സ്വാതി സോമൻ | വെറ്ററിനറി സർജൻ | 01-04-2020 | 30-09-2020 |
| ഡോ. അനിൽ കുമാർ | വെറ്ററിനറി സർജൻ | 01-10-2020 | 31-03-2021 |
| ഡോ. ഷിൽപ പുരുഷോത്തമൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 01-09-2020 |
| ഡോ. അബൂബക്കർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 02-09-2020 | 31-03-2021 |
| ഡോ. ഹരി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ. സനൽ.പി. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ. സുജീർ.പി.പി. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ചിത്രലത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനിത പി.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| ശ്രീമതി ആര്യ വി.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-06-2020 | 31-03-2021 |
| ശ്രീ. കുട്ടപ്പൻ. ടി.പി. | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. മുഹമ്മദ് നാസിം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. എം.പി.വേണുഗോപാലൻ | സെക്രട്ടറി | 01-01-2020 | 07-07-2020 |
| ശ്രീ. സി.ജ.സാമുവൻ | സെക്രട്ടറി (ഇൻ ചാർജ്) | 08-07-2020 | 28-07-2020 |
| ശ്രീ.മനോജ്.പി.എൻ. | സെക്രട്ടറി | 29-07-2020 | 02-02-2021 |
| ശ്രീമതി ലീന കെ.ജി. | സെക്രട്ടറി | 12-03-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ലത എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 29-09-2020 |
| ശ്രീമതി ലീന കെ.ജി. | അസിസ്റ്റന്റ് സെക്രട്ടറി | 30-09-2020 | 31-03-2021 |
| ശ്രീ.ബാബുരാജൻ.പി.പി. | സെക്രട്ടറി | 03-02-2021 | 11-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-11 |
| 12 | ചെലവ് രേഖകൾ ലഭ്യമായില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-12 |
| 13 | മരുന്ന് മുഴുവൻ ലഭ്യമായില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-13 |
| 14 | ഫാക്ടിയോസ് ലൈസൻസ് - മെഷീൻ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 01-01-2022)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-14 |
| 15 | പൊൽപ്പാക്കര ഗ്രാമീണ വായനശാല നിർമ്മാണം- തെറ്റായ നിരക്ക് നൽകിയത് വഴി 9946 രൂപ അധിക ചെലവുണ്ടായി<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: SHEEBA P (Auditor, On 28-02-2022) | 1-15 |
| 16 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-16 |
| 17 | ഷീറ്റ് റൂഫിങ് പ്രവൃത്തി ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ | 1-17 |

| | | |
|---|---|---|
| | അപാകത- കരാറുകാർക്ക് 35,980 രൂപ അധിക തുക നൽകി<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | |
| 18 | ക്ഷീര സബ്സിഡി ജനറൽ - അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-18 |
| 19 | തെരുവ് വിളക്ക് റിപ്പയർ പദ്ധതികൾ -അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-19 |
| 20 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 31-12-2021)<br>Last Updated By: Sujitha.P.K (Auditor, On 01-01-2022) | 1-20 |
| 21 | വെങ്ങിണിക്കര അംഗൻവാടി അറ്റകുറ്റപണി - ചെയ്യാത്ത ഇനത്തിന് ചെലവ് അനുവദിച്ചു - 6758 രൂപ തിരിച്ചടച്ചു<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 1-21 |
| 22 | സയൻസ് പാർക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-22 |
| 23 | ഓഫീസുകളുടെ ആധുനികവൽക്കരണം പദ്ധതി - സർക്കാർ അനുമതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-23 |
| 24 | വലിയ തോട് പുനരുദ്ധാരണം - കിളച്ചെടുത്ത മണ്ണ് -വിനിയോഗ വിവരം ഇല്ല<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-24 |
| 25 | എസ്.എസ്.എ. പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-25 |
| 26 | ഇൻകം ടാക്സ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-26 |
| 27 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-27 |
| 28 | മരാമത്ത് പ്രവൃത്തി - അപാകതകൾ<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-28 |
| 29 | കുടിവെള്ള പദ്ധതികൾക്ക് വാട്ടർ ചാർജ് -രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പൊൽപ്പാക്കര ഗ്രാമീണ വായനശാല നവീകരണം - തെറ്റായ നിരക്ക് | 3-1 |

| | | |
|---|---|---|
| | നൽകിയത് വഴി 9946 രൂപ അധിക ചെലവുണ്ടായി<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Rishil.P (Audit Officer, On 30-12-2021) | |
| 2 | ഷീറ്റ് റൂഫിങ് പ്രവൃത്തി ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 35,980 രൂപ അധിക തുക നൽകി<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 29-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 15-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 29-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 15-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 28-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 15-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 15-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shajeer.K (Senior Grade Auditor, On 29-12-2021)<br>Last Updated By: Unni.P (Deputy Director, On 15-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം 1(1) തീയതി 18-03-2020 | ഇല്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 10 .08.2021 | ബാധകമല്ല | -- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22919200.50 |
| വരവ് | 78268100 |
| ആകെ | 101187301.50 |
| ചെലവ് | 84749924 |
| നീക്കിയിരിപ്പ് | 16437377.50 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13088208 | 13088208 | 12171349 | 916859 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10685902 | 10685902 | 9456515 | 1229387 |
| വികസനഫണ്ട് CFC Tied | 0 | 5530000 | 5530000 | 1325212 | 4204788 |
| വികസനഫണ്ട് CFC (Un Tied) | 0 | 12972747 | 12972747 | 10010347 | 2962400 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5249000 | 5249000 | 5243991 | 5009 |
| സംരക്ഷണഗ്രാന്റ് | 0 | 4094166 | 4094166 | 2032971 | 2061195 |

| | | | | | |
|---|---|---|---|---|---|
| നോൺറോഡ് | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12972747 | 12972747 | 10010347 | 2962400 |
| ബി ഫണ്ട് | 0 | 72114234 | 72114234 | 72114234 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 103737045 | 173 | 62912972 | 0 | 65 | 72.6 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0.5 | 1023694 | 1023694.50 | 0 | 1023694.50 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30978608 | 30978608 | 30978608 | 0 |
| | | | | | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | --- | --- |
| കർഷകതൊഴിലാളി പെൻഷൻ | 5008900 | 339 |
| വിധവാപെൻഷൻ | 20640600 | 1400 |
| വാർദ്ധക്യകാലപെൻഷൻ | 38713900 | 2832 |
| വികലാംഗപെൻഷൻ | 5963900 | 386 |
| വിവാഹ ധനസഹായം | --- | --- |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1044700 | 74 |

## 1-8 ക്യാഷ് പരിശോധന

94-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതത്

ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ കാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ താഴെ പറയുന്നു.

1.ഫയലുകളിലെ സൂക്ഷിപ്പിലും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ഓഡിറ്റ് വേളയിൽ പല ഫയലുകളും രജിസ്റ്ററുകളും യഥാസമയങ്ങളിൽ ലഭിക്കുന്നതിൽ കാലതാമസം വന്നിരുന്നു. ലഭിച്ച രജിസ്റ്ററുകൾ പലതും അപൂർണ്ണമായതാണ്. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

2.വിവിധ എജൻസികളിൽ വിവിധ പ്രവൃത്തികൾക്കായി ലക്ഷക്കണക്കിന് തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഏജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾക്ക് വേണ്ടി പേമെന്റ് നടത്തുന്നതോടെ പ്രോജക്ടുകൾ തീരുന്ന അവസ്ഥയാണ് കാണുന്നത്. പ്രോജക്ടുകളിൽ മേൽ തുടർമോണിറ്ററിംഗ് നടക്കുന്നില്ല. അതുകൊണ്ട് തന്നെ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സയൻസ് പാർക്ക് പോലുള്ള പദ്ധതികൾ ഉദ്ദേശ ലക്ഷ്യം കൈവരിക്കാതെ കിടക്കുകയാണ്. പദ്ധതിക്ക് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ BRC കെട്ടിടത്തിൽ വെറുതെ കിടക്കുകയാണ്.

3.തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടുമ്പോൾ കെ.എസ്.ഇ.ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കുന്നില്ല. കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. തെരുവ് വിളക്കുകളുമായ പദ്ധതികൾ നടപ്പാക്കിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

4.മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധിക തുക നൽകാനിടയായിട്ടുണ്ട്. പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരിച്ചടവാക്കിയിട്ടുണ്ട്.
ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.12.21 | 1.9.2021-31.10.21 | 16.12.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.4.2003 | 1997-98 To 2002-03 | 18.7.2003 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. 2020-21 AFS (B7 ) പ്രകാരം Deposits Received ഇനത്തിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 1111909 ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

3. 2020-21 ലെ ലൈസൻസ് ഫീ യഥാർഥ വരവ് 433300ആണ് [(2019-20 B9)299300+(2020-21 RP(43)) 134000] . എന്നാൽ ആയത് I 4(b) പ്രകാരം 396010 ആണ്.(വ്യത്യാസം 37290). ലൈസൻസ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

4. ലൈഫ് ഭവന പദ്ധതി ലോൺ - അടവാക്കാൻ അവശേഷിക്കുന്ന തുക B-5 പ്രകാരം 16769046 രൂപയാണ്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. 2020-21 AFS B-4 പ്രകാരമുള്ള തുകകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ

കൃത്യത പരിശോധിക്കാനായിട്ടില്ല.

6. തൊഴിലുറപ്പ് പദ്ധതി-(ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്)യുടെ വിവരങ്ങൾ എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. MGNREGA വരവ് ചെലവ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിലെ തുകകൾ വാർഷിക കണക്കുമായി (RP.31) പൊരുത്തപ്പെടുന്നില്ല.

8. 2020-21 വർഷത്തെ വസ്തു നികുതി സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. B-11പ്രകാരമുള്ള ഡിപ്രിസിയേഷൻ തുകകൾ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

10. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-12 ചെലവ് രേഖകൾ ലഭ്യമായില്ല

2020-21-ൽ പരിരക്ഷ ഹോം കെയർ പദ്ധതിയിൽ (പ്രൊജക്ട് നം.19/21)ഉൾപ്പെടുത്തി ഹോണറേറിയം, ഇന്ധനം എന്നിവക്കായി 28925രൂപ ബിൽ നം. 2015125203420030818/1.7.20പ്രകാരം വികസന ഫണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.8/28.12.21 (20-21) )നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല . ചെലവ് തുക 28295രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-13 മരുന്ന് മുഴുവൻ ലഭ്യമായില്ല.

2020-21-ൽ പരിരക്ഷ ഹോം കെയർ പദ്ധതിയിൽ (പ്രൊജക്ട് നം.19/21)ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിന് 476580രൂപ ബിൽ നം.2015125203420115 2082/25.2.21പ്രകാരം വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ 347282 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. വിശദ വിവരം താഴെ പറയുന്നു. ബാക്കി 129298 രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.7/28.12.21 (20-21)

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 8197/01-11-2021 | 22558 |
| 7623/19-10-2021 | 7185 |
| 8202/1-11-2021 | 47013 |
| 7158/11-10-2021 | 21284 |
| 8198/01-11-2021 | 42361 |
| 9353/19-11-2021 | 96928 |
| 7016/05-10-2021 | 8292 |
| 7503/14-10-2021 | 101661 |
| ആകെ | 347282 |

## 1-14 ഫാക്ടറിയോസ് ലൈസൻസ് - മെഷീൻ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല

2020-21വർഷത്തിലെ ഫാക്ടറിയോസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ

നിന്ന് മെഷീൻ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല

| ക്രമ നം | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ക്രമ നം | അപേക്ഷകന്റെ പേര്, സ്ഥാപനത്തിന്റെ പേര് | ഫാക്ടറിയോസ് ലൈസൻസ് അപേക്ഷ പ്രകാരം വൈദ്യുതി ഉപയോഗിച്ചുള്ള യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട മെഷീൻ റണ്ണിംഗ് ഫീസ് |
|---|---|---|---|---|
| 1 | 124 | പി.മൂസ,<br>അൽ അമീൻ | 9 HP | 100 |
| 2 | 186 | അബ്ദുൽ ഖാദർ,<br>യാക്കൂബ് റൈസ് മിൽ | 15HP | 200 |

| | | | | |
|---|---|---|---|---|
| 3 | 189 | ഹരി പ്രസാദ് ഇ,<br>പി.പി.എം റൈസ് & ഫ്ലോർ മിൽ | 10 HP | 100 |
| 4 | 191 | ധനീഷ് സി,<br>മാമിയ ഐസ് ക്രീം | 9HP | 100 |
| 5 | 193 | ഷിജോയ് ,<br>ഷിജോയ് റൈസ് മിൽ | 10HP | 100 |
| 6 | 197 | സെയ്തുട്ടി ഹാജി,<br>സുഹറ റൈസ് മില് | 10HP | 100 |
| 7 | 201 | കുട്ടി കൃഷ്ണൻ,<br>എം.കെ.റ്റി പപ്പടം | 5HP | 50 |
| 8 | 207 | കണ്ണൻ കെ എസ്,<br>ന്യൂ ശാസ്ത എഞ്ചിനീയറിംഗ് വർക്സ് | 10 HP | 100 |
| 9 | 213 | അബ്ദുള്ള പി,<br>ഉദയ ടിമ്പേഴ്സ് | 50 HP | 500 |
| 10 | 228 | കുഞ്ഞിബാവ,<br>ബി.എം ഫ്ലോർ & ഓയിൽ മിൽ | 10 HP | 100 |
| 11 | 305 | സുധാകരൻ കെ,<br>തറക്കൽ റൈസ്,ഫ്ലോർ & ഓയിൽ മിൽ | 10 HP | 100 |
| 12 | 310 | ഹംസ കുട്ടി,<br>ലുലു ഫ്ലോർ & ഓയിൽ മിൽ | 10 HP | 100 |
| 13 | 381 | ബാലൻ നായർ ഇ സി,<br>നായർ ഓയിൽ & റൈസ് മിൽ | 75 HP | 1000 |
| 14 | 383 | ഗൌരി ശങ്കർ റ്റി.പി,<br>സ്ററീൽ ടെക് ഇൻഡസ്ട്രീസ് | 9 HP | 100 |
| 15 | 391 | അബ്ദുൾ ലത്തീഫ്,<br>മുഹമ്മദാലി ഫ്ലോർ മിൽ | 10 HP | 100 |
| 16 | 419 | മനോജ് കുമാർ എ പി,<br>വിശ്വകർമ്മ പെരുമ്പറമ്പ് | 7 HP | 100 |
| 17 | 427 | ഭാസ്കരൻ കെ വി,<br>ടേസ്റ്റി പപ്പടം | 7.5 HP | 100 |
| 18 | 454 | രാജൻ എൻ പി,<br>ആദർശ് ഇൻഡസ്ട്രീസ് | 10 HP | 100 |

| | | | | |
|---|---|---|---|---|
| 19 | 481 | സുരേഷ് കുമാർ,<br>സൌപർണ്ണിക എഞ്ചിനീയറിംഗ് വർക്സ് | 4 HP | 50 |
| 20 | 499 | ടി കുഞ്ഞുമുഹമ്മദ്,<br>ടി കെ റൈസ് മിൽ | 10 HP | 100 |
| 21 | 516 | സുരേഷ് കെ വി,<br>അക്ഷയ ഹോളോബ്രിക്സ് | 4.5 HP | 50 |
| 22 | 679 | സനീഷ് സി,<br>ചുങ്കത്ത് ഫുഡ്സ് | 10 HP | 100 |
| 23 | 803 | മുഹമ്മദ് മർസൂഖ്,<br>റോക്ക് ബ്രിക്സ് | 12 HP | 200 |
| 24 | 854 | രാധാകൃഷ്ണൻ,<br>ന്യൂ ധന്യ പപ്പടം | 1.5 HP | 50 |
| | ആകെ | | | 3700 |

അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി( നം.24/30.12.2021) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാനപങ്ങളിൽ നിന്ന് മെഷീൻ റണ്ണിംഗ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 പൊൽപ്പാക്കര ഗ്രാമീണ വായനശാല നിർമ്മാണം- തെറ്റായ നിരക്ക് നൽകിയത് വഴി 9946 രൂപ അധിക ചെലവുണ്ടായി

പ്രോജക്റ്റ് നമ്പർ - 255/21

ഫണ്ട് - MG (NR) +Own Fund

സാങ്കേതികാനുമതി തുക – 690000 (TS No-108467/19-200)

കരാറുകാരൻ - മുഹമ്മദ് ഇക്ബാൽ

അളവ് പുസ്തകം - 196/19-20

കരാർ - 131/AE/EDPL/19-20 തി. 10.3.20 (Estimate Rate)

മൂല്യനിർണ്ണയം - 581321

ബിൽ നമ്പർ - 68/27.3.21-51913

ചെക്ക് നമ്പർ - 110887/ 31.3.21 - 529408

COI – 31.06%

Esti. No- 2020/5820

മേൽ പ്രവൃത്തിയുടെ ഇനം 1.9 പ്രകാരം മരത്തിന്റെ ജനവാതിലിന് കമ്പി (12mm Ms Rod) വച്ചതിന് DAR 9.48.2 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം 19712.70 രൂപ നൽകി.

134.100 Kg X 147/kg = 19712.70 (147.38-Tender Below 0.26%)

(M.Book 196/19-20 Page No.31 And 196/19-20 Page No.59)

28.12.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തിയിൽ സ്ഥാപിച്ച 6 ജനവാതിലുകളിലും 12 Mm Ms Rod ഉപയോഗിച്ച് വെൽഡിംഗ് ഇല്ലാതെ മരത്തിന്റെ ഫ്രയിമിൽ വെക്കുക മാത്രമാണ് ചെയ്തത് എന്ന് ബോധ്യപ്പെട്ടു. DAR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തിയിൽ അധിക ചെലവുണ്ടായി.

കരാറുകാരന് അനുവദിക്കാവുന്ന തുക

134.100 Kg X 80.78/kg (81/kg-Tender Below 0.26%) = 10832.59

അധികം നൽകിയത് - 9946 (8880+GST 12%)

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 13 /28.12.21 (2020-21)) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 9946 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി. എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-16 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജെക്ടിൽ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| പ്രോജെക്ട് നമ്പർ/പേര് | തുക | ബിൽ നമ്പർ/തിയതി | ലഭ്യമായ മരുന്നിന്റെ വില/ഇൻവോയ്സ് നമ്പർ | | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 29/ 2020-21 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൾ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 1,50,000 | 250/22-1-21 | 15,750<br>9450 | LF856/26-7-21<br>LF127/26-5-21 | 1,24,800 |
| ആകെ | 1,50,000 | | 25,200 | | 1,24,800 |

ഇത സംബന്ധിച്ച് നമ്പർ 2/23-12-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 ഷീറ്റ് റൂഫിങ് പ്രവൃത്തി ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 35,980 രൂപ അധിക തുക നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR-ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വന്നിട്ടുള്ളത്. 0.50 Mm കനമുള്ള ഷീറ്റ് റൂഫിംഗിന് ആവശ്യമായ ഡാറ്റയിൽ നിന്നും 0.35 Mm കനമുള്ള ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റയിൽ, ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ. ആയതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ സാധനങ്ങൾ, ലേബർ എന്നിവക്ക് DSR നിരക്കിനേക്കാൾ കൂടിയ നിരക്കും, കൂടിയ എണ്ണവുമാണ് നൽകിയിട്ടുള്ളത്. 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് DSR ഇനം 12.50 മായി താരതമ്യം

ചെയ്യതിൽ മേൽ പ്രവർത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. [പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ നൽകിയ ഷീറ്റ് വില തന്നെയാണ് പരിഗണിച്ചിട്ടുള്ളത്].

DAR കോഡ് നമ്പർ 12.50 പ്രകാരം 0.50mm കനമുള്ള കോറുഗേറ്റഡ് GI ഷീറ്റ് വിരിക്കുന്നതിനുള്ള ഡാറ്റ അടിസ്ഥാനമാക്കിയായിരുന്നു ഈ പ്രവൃത്തിക്ക് OD തയ്യാറാക്കേണ്ടിയിരുന്നത്. 0.35mm കനമുള്ള ഷീറ്റിന് @300/M2 മാർക്കറ്റ് വില കണക്കിലെടുത്ത് DAR കോഡ് നമ്പർ 12.50 (Cost Indes 31.06%) പ്രകാരം OD തയ്യാറാക്കിയാൽ യൂണിറ്റ് നിരക്ക് 480.96/എം2 മാത്രവും 0.35mm കനമുള്ള ഷീറ്റിന് @300/M2 മാർക്കറ്റ് വില കണക്കിലെടുത്ത് DAR കോഡ് നമ്പർ 12.50 (Cost Indes 37.25%) പ്രകാരം OD തയ്യാറാക്കിയാൽ യൂണിറ്റ് നിരക്ക് 485.88/M2 മാത്രവും വരുകയുള്ളൂ. OD യുടെ വിശദാംശം താഴെ കൊടുക്കുന്നു

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 31.06% (Excluding MR) | | | | | 24.71 |
| Total | | | | | 480.96 |

Cost Index 37.25 % ൽ കരാർ പ്രവൃത്തിക്ക് അർഹമായ നിരക്ക് - 485.88

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |

| | | | | | |
|---|---|---|---|---|---|
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter $2^{nd}$ Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 37.25% (Excluding MR) | | | | | 29.63 |
| Total | | | | | 485.88 |

മേൽ പ്രവൃത്തിക്ക് തെറ്റായ Observed Data തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | മാനത്ത് പറമ്പ് അംഗനവാടി ഷീറ്റിടൽ (SO232/21)<br>TS No: 78108/2019-20 (CI 31.06%)<br>Agri.No: 55/AE/LSGD /EDPL/19-20 Dtd.14.11.19<br>(Tender Below-10.90%)<br>M.Book No: 34/19-20<br>അടങ്കൽ -2,00,000<br>ഫണ്ട്- MG(NR)<br>ചെലവ് -1,27,765<br>ബിൽ - 34/27.11.20<br>കരാറുകാരൻ: ഷാജേഷ്.TV<br>Est.No- 2019/6795 | $78.81m^2$<br>(Esti. Item No.6) | 47931.45<br>(@608.19/$m^2$) | 37904.45/-<br>(@480.96/$m^2$) | 10006<br>(10027-10.90%Tender Below+GST 12%) |
| 2 | BRC അംഗനവാടി ട്രസ്സ് വർക്ക് (SO198/21)<br>TS No: 78065/2019-20 (CI 31.06%)<br>Agri.No: 56/AE/LSGD /EDPL/19-20 Dtd.14.11.19<br>(Tender Below-11.90%)<br>M.Book No: 581/19-20<br>അടങ്കൽ -1,15,000<br>ഫണ്ട്- MG(NR)<br>ചെലവ് -98488 | $46.68m^2$<br>(Esti. Item No.6) | 28390<br>(@608.19/$m^2$) | 22451<br>(@480.96/$m^2$) | 5860<br>(5939-11.90% Tender Below+GST 12%) |

| | | | | | |
|---|---|---|---|---|---|
| | ബിൽ - 8/24.4.20<br>കരാറുകാരൻ: ഷാജേഷ്.TV<br>Est.No- 2019/6809 | | | | |
| 3 | പൊൽപ്പാക്കര സ്കൂൾ പുനരുദ്ധാരണം (SO231/21)<br>TS No: 72007/2019-20 (CI 31.06%)<br>Agri.No: 100/AE/LSGD/EDPL /19-20 Dtd.30.12.19<br>(Estimate Rate)<br>M.Book No: 758/19-20<br>അടങ്കൽ -4,00,000<br>ഫണ്ട്- തനത് ഫണ്ട്<br>ചെലവ് -3,14,031<br>ചെക്ക് - 22000518/30.11.20<br>കരാറുകാരൻ: അരവിന്ദാക്ഷൻ.E<br>Est.No- 2019/6773 | 130.22m$^2$<br>(Esti. Item No.3) | 79198.50<br>(@608.19/m$^2$ ) | 62630.61<br>(@480.96/m$^2$ ) | 18556<br>(16568-+GST 12%) |
| 4 | ഫ്രണ്ട് ഓഫീസ് നവീകരണം (SO209/21)<br>TS No: 93006/2018-19 (CI 37.25%)<br>Agri.No: 41/AE/LSGD /EDPL/18-19 Dtd.21.11.18<br>(Tender Below-5.9999%)<br>M.Book No: 181/19-20<br>അടങ്കൽ -3,50,000<br>ഫണ്ട്- തനത് ഫണ്ട്<br>ചെലവ് -2,17,690<br>ചെക്ക് - 22000526/30.11.20<br>കരാറുകാരൻ: മുഹമ്മദ് ഇക്ബാൽ.A<br>Est.No- 2018/126698 | 12.50m$^2$<br>(Esti. Item No.3) | 7730.38<br>(@618.43/m$^2$ ) | 6073.50<br>(@485.88/m$^2$ ) | 1558<br>(1657-5.9999%Tender Below) |
| | ആകെ | | | | 35,980 |

പ്രവൃത്തികളിൽ അധികം നൽകിയ 35980 രൂപ .

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 14 /28.12.21 (2020-21)) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 35980 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകരിച്ച അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 ക്ഷീര സബ്സിഡി ജനറൽ - അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ക്ഷീരസബ്സിഡി ജനറൽ എന്ന പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജെക്ട് നമ്പർ/പേര് | അടങ്കൽ | ചെലവ് |
|---|---|---|

| | | |
|---|---|---|
| 25/ 2020-21<br>ക്ഷീരസബ്സിഡി ജനറൽ | 1,25,000 വികസന ഫണ്ട്<br>2,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,25,000 വികസന ഫണ്ട്<br>ബിൽ നമ്പർ3/20-21 തി. 12-11-20<br>ആകെ 1,25,000 രൂപ<br>2,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ബിൽ നമ്പർ 5/20-21 തി. 11-1-21<br>1,25,620 രൂപ<br>ബിൽ നമ്പർ 7/20-21 തി. 23-1-21<br>86,316 രൂപ<br>ബിൽ നമ്പർ 10/20-21 തി. 30-3-21<br>38,064 രൂപ<br>ആകെ 2,50,000 രൂപ |

മേൽ പ്രോജെക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ബിൽ നമ്പർ 10/20-21 തി.30-3-21 പ്രകാരം 38064 രൂപ പിൻവലിക്കുകയും കോലളമ്പ്, ഉദ്യം ക്ഷീരസംഘങ്ങളിലെ 72 ക്ഷീര കർഷകർക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷിരസംഘങ്ങൾ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുകളിൽ വനിത,ജനറൽ കർഷകർ ഒന്നിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബില്ലിൽ ജനറൽ കർഷകർ മാത്രമാണുള്ളത്. മാത്രമല്ല ക്ഷീരസംഘം പ്രസിഡന്റ് സ്റ്റേറ്റ്മെന്റുകളിൽ ഒപ്പുവച്ചിട്ടില്ല.(2021 ജനവരി)

ഇത് സംബന്ധിച്ച് നമ്പർ 3/23-12-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ക്രമനമ്പർ 1 ഭാവിയിൽ സൂക്ഷിക്കുമെന്ന മറുപടി നൽകിയിട്ടുണ്ട്. ക്രമനമ്പർ 2 ക്ഷീരസംഘം പ്രസിഡന്റിന്റെ ഒപ്പും സീലും രേഖപ്പെടുത്തി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് റിപ്പയർ പദ്ധതികൾ -അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്ട് - തെരുവ് വിളക്ക് റിപ്പയർ

നമ്പർ - S0011/2021

അടങ്കൽ - 4,50,000 (1,15,700-ധനകാര്യ കമ്മീഷൻ അവാർഡ്,

3,34,300-തനത് ഫണ്ട്)

വൗച്ചർ നമ്പർ 22000842/12-03-2021 : 1,70,000

ബിൽ നമ്പർ 30/14-03-2021 : 1,15,000

2. പ്രൊജക്ട് - തെരുവ് വിളക്ക് റിപ്പയർ

നമ്പർ - S0160/2021

അടങ്കൽ - 1,50,062 (ധനകാര്യ കമ്മീഷൻ അവാർഡ്)

ബിൽ നമ്പർ 01/15-05-2020 : 1,50,062

2020-21ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയറിനായുള്ള മേൽ പ്രൊജക്ടുകൾ പ്രകാരം ശ്രീ. പി.എം. അബ്ദുൽ ജലീൽ, സൈമൽ ഏജൻസീസ്, കുറ്റനാട് എന്ന കോൺട്രാക്ടർക്ക് തുകകൾ നൽകിയിട്ടുണ്ട്. ക്രമ നമ്പർ 1 പ്രൊജക്ട് പ്രകാരം 570എണ്ണം 12W LED (നിരക്ക്-500) , ക്രമ നമ്പർ 2 പ്രൊജക്ട് പ്രകാരം 174 LED (നിരക്ക്-515) , 122 CFL (നിരക്ക്-500) എന്നീ എണ്ണം വിളക്കുകൾ റിപ്പയർ ചെയ്തതിനുള്ള തുകയാണ് നൽകിയിട്ടുള്ളത്. പ്രൊജക്ട് ഫയൽ

പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. പ്രവൃത്തി ചെയ്ത ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ കാറ്റഗറി സി രജിസ്ട്രേഷൻ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

2. കരാറുകാരന് തുക അനുവദിച്ചപ്പോൾ TDS ആയി 1%IT, 2%GST, 1%KCWWF എന്നിവ കുറവു ചെയ്തിട്ടില്ല.

3. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള, പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തി നടത്തുന്നതിന് KSEBയിൽ നിന്നും അനുവാദം ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
5. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും ഗ്രാമ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.
20/29.12.21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

രണ്ട് ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 15,000രൂപ വീതം നൽകുന്നതിനായി

2200304/ 25-08-2020-ാം നമ്പർ വൗച്ചർ പ്രകാരം 30,000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻ നാളിതു വരെ തുക തിരിച്ചടവാക്കിയിട്ടില്ല.

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേര് | തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | ശ്രീ. സന്തോഷ് വി.വി, സീനിയർ ക്ലർക്ക് | 9,000 |

തുക തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 വെങ്ങിണിക്കര അംഗൻവാടി അറ്റകുറ്റപണി - ചെയ്യാത്ത ഇനത്തിന് ചെലവ് അനുവദിച്ചു - 6758 രൂപ തിരിച്ചടച്ചു

പ്രോജക്റ്റ് നമ്പർ - SO147/21

ഫണ്ട് - MG (NR)

സാങ്കേതികാനുമതി തുക – 60000 (TS No-59673/20-21)

കരാറുകാരൻ - അനീഷ്.AV

അളവ് പുസ്തകം - 875/19-20

കരാർ - 29/AE/EDPL/19-20 തി. 10.3.20 (Estimate Rate)

മൂല്യനിർണ്ണയം - 57481

ബിൽ നമ്പർ - 71/27.3.21 - 57481

COI – 31.06%

Esti. No- 2020/26301

എസ്റ്റിമേറ്റ് പ്രകാരം മതിലിൽ സിമെന്റ് പ്ലാസ്റ്ററിംഗ്, കളർ വാഷിംഗ്, PVC സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ, ഇരുമ്പ് ഗേറ്റ് സ്ഥാപിക്കൽ എന്നിവയാണുള്ളത്. മേൽ പ്രവൃത്തിയുടെ ഇനം 1.3 പ്രകാരം കെട്ടിടത്തിന്റെ ചുറ്റുമതിലിന് ഗേറ്റ് സ്ഥാപിച്ചതിന് DAR 10.26.2 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം 6034.08 രൂപ നൽകി.

39 Kg X 154.72/kg = 6034.08

28.12.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തിയിൽ സ്ഥാപിച്ച ഗേറ്റ് മുൻപ് അംഗനവാടിയിൽ ഉണ്ടായിരുന്നതാണെന്നും ചുറ്റുമതിലിൽ ഫിറ്റ് ചെയ്യുക മാത്രമാണ് ചെയ്തതെന്നും അംഗനവാടി ടീച്ചർ, ഹെൽപ്പർ എന്നിവർ ബോധ്യപ്പെടുത്തി. ചെയ്യാത്ത ഇനത്തിന് അനുവദിച്ച തുക 6758 (6034.08+GST12%) രൂപ അംഗീകരിക്കുന്നില്ല.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന്റെ (AUDIT ENQUIRY No. 16 /28.12.21 (2020-21)) അടിസ്ഥാനത്തിൽ നഷ്ട തുക ട്രഷറിയിൽ തിരിച്ചടച്ചു. (KL020277406202122M/30.12.21).

## 1-22 സയൻസ് പാർക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്.

2019-20 ,2020-21 സാമ്പത്തിക വർഷങ്ങളിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സയൻസ് പാർക്ക് എന്ന പ്രോജെക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | പ്രോജെക്റ്റ് നമ്പർ/പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 2019-20 | 46/ 2019-20 സയൻസ് പാർക്ക് | 2,46,400 -ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6400 ബിൽ നമ്പർ 3/19-20 തി. 30-3-20 |
| | | 2,53,600- തനത് ഫണ്ട് | 1,41,750 ചെക്ക്നമ്പർ5139275 തി. 30-3-2020 |
| 2020-21 | 163/ 2020-2021(so) സയൻസ് പാർക്ക് | 2,40,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,40,000 ബിൽ നമ്പർ 1/20-21 തി. 15-5-2020 |
| | | 1,11,820 തനത് ഫണ്ട് | വിനിയോഗിച്ചിട്ടില്ല. |

കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെ എടപ്പാൾ ഗ്രാമ പഞ്ചായത്ത് പരിധിയിലെ 1 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് സ്വയം പഠനത്തിലേർപ്പെടാനാണ് പദ്ധതി. എടപ്പാൾ ജി എം യു പി സ്കൂളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. 2019-20 വർഷത്തിൽ 1,50,150 രൂപ ചെലവഴിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങുകയും സ്കൂളിൽ ബിആർസിക്ക് മുകളിലായി സയൻസ് പാർക്ക് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ 2,40,000 രൂപ ചെലവഴിച്ച് 28 മേശകളും 40 കസേരകളും വാങ്ങിയിട്ടുണ്ട്. 23-12-2021 ന് സ്ഥലപരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1 സയൻസ് പാർക്ക് സ്ഥാപിച്ചത് യാതൊരു സുരക്ഷിതത്വവുമില്ലാത്ത ഹാളിലാണ്.

2 ശാസ്ത്ര പരീക്ഷണത്തിന് തയ്യാറാക്കിയ ഉപകരണങ്ങൾ പൊടിയും മാറാലയും പിടിച്ച അവസ്ഥയിലാണ്.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

4 വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്ട്സ് പരിശോധിച്ചതിൽ സയൻസ് പാർക്ക് സംബന്ധിച്ച് കാര്യമായ ചർച്ചകൾ നടത്തിയതായി കാണുന്നില്ല.

4 ഏതു രീതിയിലാണ് ഗ്രാമ പഞ്ചായത്തിലെ കുട്ടികൾക്ക് ശാസ്ത്രാവബോധം വളർത്തുക എന്നതു സംബന്ധിച്ച് വ്യക്തമായ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

5 2021-22 വർഷത്തെ ഹെഡ്മാസ്റ്ററുടെ അംഗീകരിച്ച പ്രോജെക്റ്റുകളിൽ സയൻസ് പാർക്ക് തുടർ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നില്ല.

ഇതു സംബന്ധിച്ച് നമ്പർ 4/27-12-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സ്കൂൾ ശാസ്ത്ര പഠനത്തിൽ പുതിയ മുന്നേറ്റം സാധ്യമാക്കുന്നതിനാണ് സയൻസ് പാർക്ക് എന്ന പ്രോജെക്റ്റ് കൊണ്ടുവന്നതെന്നും സയൻസ് പാർക്ക് ഒരുക്കിയ ഹാളിന്റെ അസൗകര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും മറുപടി നൽകിയിട്ടുണ്ട്. സയൻസ് പാർക്കുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ലെന്നും മറുപടിയിൽ പറയുന്നുണ്ട്. സയൻസ് പാർക്ക് കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന കാര്യം എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തപ്പോൾ ഇക്കാര്യം ശ്രദ്ധിക്കാമെന്ന് ഭരണസമിതി ഉറപ്പ് നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 ഓഫീസുകളുടെ ആധുനികവൽക്കരണം പദ്ധതി - സർക്കാർ അനുമതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് – എടപ്പാൾ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയർ, വി.ഇ.ഒ, എൻ.ആർ.ഇ.ജി.എ ഓഫീസുകളിലെ ആധുനികവൽക്കരണം

നമ്പർ – S267/2021
അടങ്കൽ – 5,00,000 (തനത് ഫണ്ട്)
ചെലവ്- വൗച്ചർ നം. 22000846/12-03-2021 : 4,99,788

സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രൊജക്റ്റ് പ്രകാരം ARTCO Ltd, തൃശ്ശൂരിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ കാഷ്ബിൽ നം.685/17-03-2020 പ്രകാരം വിവിധ ഫർണ്ണിച്ചറുകൾ വാങ്ങിയതിന് 18% GSTയും, ഫ്ലഡ് സെസും ഉൾപ്പടെ 4,99,788 രൂപ നൽകിയിട്ടുണ്ട്.

| ക്ര.നം. | ഇനം | എണ്ണം | നൽകിയ തുക |
|---|---|---|---|
| 1 | SHAPE OFFICE TABLE WITH THREE DRAWER ON LEFT SIDE WITH PROVISION FOR CPU UPS. AND OPEN SHELVE 180 90 75 CM-90*45*75 CM. MADE OF 18 MM PRE LAMINATE PARTICLE BOARD 2 NOS | 13.04 | 152517.93 |
| 2 | EXECUTIVE TABLE-BY USING GOOD QUALITY LAMINATED18 MM PARTICLE BOARD, INCLUDING DRAWER & CUPBOARD, WITH SLIDING KEY BOARD FILE MANAGER STEEL HANDLE RATE FOR IM2. | 2.7 | 31579.63 |
| 3 | OFFICE CUPBOARD PARTICLE BOARD IM2 SETTINGUP OF OFFICE CUPBOARD BY USING GOOD QUALITY 18MM PRELAMINATED PARTICLE BOARD WITH DOORS INCLUDING, STEEL HANDLE MULTI LOCK AND AUTO HINGES ETC | 9.2 | 97291.47 |
| 4 | CURTAIN SIZE. IM2 VERTICAL BLIND CURTAIN USING TOUGHNED SYNTHETIC CLOTH HAVING 100 MM WIDTH WITH ALL FITTING FOR OPERATION | 15 | 19133.7 |
| 5 | PARTICLE BOARD OFFICE TABLE 120X75X75CM WITH I DRAWER AND I CUPBOARD WITH PROVISION FOR CPU, KEYBOARD TRAY | 4.29 | 50176.53 |
| 6 | ALUMINIUM FABRICATION WINDOW DOORS IN MEDICAL WARD AND POST OPERATION WARD 8. FOR SUPPLYING AND FIXING AT SITE POWDER COATED FIXED CUM DOOR WORK BY USING 63X38 MM (950 KG/ | 10 | 33736.2 |
| 7 | EXECUTIVE HIGH BACK REVOLVING CHAIR HYDRAULIC LIFT CUSHION SEAT AND BACK | 1 | 14004.24 |
| 8 | S TYPE EXICUTIVE CHAIR | 11 | 39576.02 |

| | | | |
|---|---|---|---|
| | CUSHIONED | | |
| 9 | COMPUTER CHAIR SPECIAL TYPE WITH PUSH BACK TYPE MANUEL LIFTING WITH ARM | 7 | 57572.2 |

മേൽ ഇനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെയും, പ്രസ്തുത നിരക്കിലും വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 4,99,788 രൂപ (4,200.08 ഫ്ലഡ് സെസ് ഉൾപ്പടെ) തടസ്സം ചെയ്യുന്നു.
23/29.12.21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 വലിയ തോട് പുനരുദ്ധാരണം - കിളച്ചെടുത്ത മണ്ണ് -വിനിയോഗ വിവരം ഇല്ല

പ്രോജക്റ്റ് – SO 257/21

കരാറുകാരൻ- E.അരവിന്ദാക്ഷൻ

അടങ്കൽ - 11,64,000

മൂല്യനിർണ്ണയം - 957229

ഫണ്ട് - Plan (G)

ബിൽ - 14//28.8.20

അളവ് പുസ്തകം - 761/19-20

കരാർ - AE/LSGD/EDPL/127/19-20 തി.10.3.20

TS No-108428/19-20

Est.No-2020/1257

CI – 31.06%

Tender Below- 20.04%

പ്രവൃത്തിയുടെ ഭാഗമായി അളവ് പുസ്തകം ഇനം ഒന്ന് പ്രകാരം തോട് ആഴം കൂട്ടി വൃത്തിയാക്കുന്നതിന് ( DSR 2.6.1 പ്രകാരം) മണ്ണ് കിളച്ചെടുത്തതിന് 957229 രൂപ അനുവദിച്ചിട്ടുണ്ട് (6474.765$m^3$ X 132/$m^3$). കിളച്ചെടുത്ത മണ്ണ് എന്ത് ചെയ്തുവെന്ന് വ്യക്തമാക്കേണ്ടതാണ്. കിളച്ചെടുത്ത മണ്ണ് എപ്രകാരം ഉപയോഗിച്ചു എന്ന് അളവ് പുസ്തകത്തിലോ വർക്ക് ഫയലിലോ യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി 15/20-21 /28.12.2021 (2020-21)) മറുപടിയായി കിളച്ചെടുത്ത മണ്ണ് മറ്റു പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ കഴിയാത്തതിനാൽ തോടിന്റെ സൈഡുകൾ ബലപ്പെടുത്തുന്നതിന് ഉപയോഗിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഇക്കാര്യം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ഭരണ സമിതി തലത്തിൽ ഉറപ്പാക്കേണ്ടതാണ്.

## 1-25 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.എ. പഞ്ചായത്ത് വിഹിതം നൽകൽ

നം : S003/2021

അടങ്കൽ - 16,00,000 (വികസന ഫണ്ട് )

ബിൽ നം. 08/12-08-2020 : 16,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 16,00,000 രൂപ ജില്ലാ പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ. മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 16,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
19/29.12.21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ഇൻകം ടാക്സ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

2020-21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ചെലവ് തുകകളിൽ നിന്ന് ഇൻകം ടാക്സ് സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല.

| ക്രമ നമ്പർ | ബിൽ/വൗച്ചർ നമ്പർ/ തിയ്യതി | തുക | ചെലവ് വിവരം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22000580/ 23-12-2020 | 96,000 | ബഹുതല വികസന പരിപാടി-ഡോക്യുമെന്ററി തയ്യാറാക്കിയതിന്റെ ചെലവ് റിംഗ് റിഥം , തിരുവനന്തപുരത്തിന് നൽകിയത് | 194Cപ്രകാരം ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല. |
| 2 | 32/31-03-2021 | 1,34,360 | ഹരിത സഹായ സംഘത്തിന് കൺസൽട്ടൻസി ഫീസ് പ്രൊജക്ട് നം.S0276/2021 | 194J പ്രകാരം ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല. |

അപാകത പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തികൾ ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി 10/28.12.2021 (2020-21) ) ടെണ്ടർ ഫീസ് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കി അറിയുക്കുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തി - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല .

2020-21വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 138 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 99 പ്രൊജക്ടുകളിലായി ആകെ 2,25,24,005 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 138 | ആകെ അടങ്കൽ | 3,64,90144 |
| നടപ്പിലാക്കിയത് | 99 | ചെലവ് | 2,25,24005 |
| ശതമാനം | 77.73 | ചെലവ് ശതമാനം | 61.72 |

82 സ്പിൽ ഓവർ പ്രവൃത്തികളിൽ 10 എണ്ണം തൻവർഷവും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു .

2019-20 വർഷത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. റോഡ് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പ്രവൃത്തിയുടെ ചെയ്നേജ് രേഖപ്പെടുത്തേണ്ടതാണ്.

V) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

### 1-29 കുടിവെള്ള പദ്ധതികൾക്ക് വാട്ടർ ചാർജ് -രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിൽ ജല അതോറിറ്റി നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾക്ക് വാട്ടർ ചാർജ് അടച്ചുവരുന്നുണ്ട്. ഇതു സംബന്ധിച്ച് സ.ഉ(സാ)1275/2009/ ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓരോ മാസവും ജല അതോറിറ്റി സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ (1,26,875/-രൂപ വീതം 290 ടാപ്പുകൾക്ക്) ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ.

2. ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.

അപാകതകൾ പരിഹരിച്ച് ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രം വെള്ളക്കരം നൽകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൊൽപ്പാക്കര ഗ്രാമീണ വായനശാല നവീകരണം - തെറ്റായ നിരക്ക് നൽകിയത് വഴി 9946 രൂപ അധിക ചെലവുണ്ടായി

പ്രോജക്റ്റ് നമ്പർ - 255/21

ഫണ്ട് - MG (NR) +Own Fund

സാങ്കേതികാനുമതി തുക – 690000 (TS No-108467/19-200)

കരാറുകാരൻ - മുഹമ്മദ് ഇക്ബാൽ

അളവ് പുസ്തകം - 196/19-20

കരാർ - 131/AE/EDPL/19-20 തി. 10.3.20 (Estimate Rate)

മൂല്യനിർണ്ണയം - 581321

ബിൽ നമ്പർ - 68/27.3.21-51913

ചെക്ക് നമ്പർ - 110887/ 31.3.21 - 529408

COI – 36.01%

Esti. No- 2020/5820

മേൽ പ്രവൃത്തിയുടെ ഇനം 1.9 പ്രകാരം മരത്തിന്റെ ജനവാതിലിന് കമ്പി (12mm Ms Rod) വച്ചതിന് DAR 9.48.2 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം 19712.70 രൂപ നൽകി.

134.100 Kg X 147/kg = 19712.70 (147.38-Tender Below 0.26%)

(M.Book 196/19-20 Page No.31 And 196/19-20 Page No.59)

28.12.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തിയിൽ സ്ഥാപിച്ച 6 ജനവാതിലുകളിലും 12 Mm Ms Rod ഉപയോഗിച്ച് വെൽഡിംഗ് ഇല്ലാതെ മരത്തിന്റെ ഫ്രയിമിൽ വെക്കുക മാത്രമാണ് ചെയ്തത് എന്ന് ബോധ്യപ്പെട്ടു. DAR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തിയിൽ അധിക ചെലവുണ്ടായി.

കരാറുകാരന് അനുവദിക്കാവുന്ന തുക

134.100 Kg X 80.78/kg (81/kg-Tender Below 0.26%) = 10832.59

അധികം നൽകിയത് - 9946 (8880+GST 12%)

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 13 /28.12.21 (2020-21)) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 9946 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകരിച്ച അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഷീറ്റ് റൂഫിങ് പ്രവൃത്തി ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് 35,980 രൂപ അധിക തുക നൽകി

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR-ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വന്നിട്ടുള്ളത്. 0.50 Mm കനമുള്ള ഷീറ്റ് റൂഫിംഗിന് ആവശ്യമായ ഡാറ്റയിൽ നിന്നും 0.35 Mm കനമുള്ള ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റയിൽ, ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ. ആയതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ സാധനങ്ങൾ, ലേബർ എന്നിവക്ക് DSR നിരക്കിനേക്കാൾ കൂടിയ നിരക്കും, കൂടിയ എണ്ണവുമാണ് നൽകിയിട്ടുള്ളത്. 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് DSR ഇനം 12.50 മായി താരതമ്യം ചെയ്തതിൽ മേൽ പ്രവർത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. [പഞ്ചായത്തിൽ ഉപയോഗിച്ച Obderved

Data യിൽ നൽകിയ ഷീറ്റ് വില തന്നെയാണ് പരിഗണിച്ചിട്ടുള്ളത്].

DAR കോഡ് നമ്പർ 12.50 പ്രകാരം 0.50mm കനമുള്ള കോറുഗേറ്റഡ് GI ഷീറ്റ് വിരിക്കുന്നതിനുള്ള ഡാറ്റ അടിസ്ഥാനമാക്കിയായിരുന്നു ഈ പ്രവൃത്തിക്ക് OD തയ്യാറാക്കേണ്ടിയിരുന്നത്. 0.35mm കനമുള്ള ഷീറ്റിന് @300/M2 മാർക്കറ്റ് വില കണക്കിലെടുത്ത് DAR കോഡ് നമ്പർ 12.50 (Cost Indes 31.06%) പ്രകാരം OD തയ്യാറാക്കിയാൽ യൂണിറ്റ് നിരക്ക് 480.96/എം2 മാത്രവും 0.35mm കനമുള്ള ഷീറ്റിന് @300/M2 മാർക്കറ്റ് വില കണക്കിലെടുത്ത് DAR കോഡ് നമ്പർ 12.50 (Cost Indes 37.25%) പ്രകാരം OD തയ്യാറാക്കിയാൽ യൂണിറ്റ് നിരക്ക് 485.88/M2 മാത്രവും വരുകയുള്ളൂ. OD യുടെ വിശദാംശം താഴെ കൊടുക്കുന്നു

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 31.06% (Excluding MR) | | | | | 24.71 |
| Total | | | | | 480.96 |

Cost Index 37.25 % ൽ കരാർ പ്രവൃത്തിക്ക് അർഹമായ നിരക്ക് - 485.88

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |

| | | | | | |
|---|---|---|---|---|---|
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 37.25% (Excluding MR) | | | | | 29.63 |
| Total | | | | | 485.88 |

മേൽ പ്രവൃത്തിക്ക് തെറ്റായ Observed Data തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | മാനത്ത് പറമ്പ് അംഗനവാടി ഷീറ്റിടൽ (SO232/21)<br>TS No: 78108/2019-20 (CI 31.06%)<br>Agri.No: 55/AE/LSGD /EDPL/19-20 Dtd.14.11.19<br>(Tender Below-10.90%)<br>M.Book No: 34/19-20<br>അടങ്കൽ -2,00,000<br>ഫണ്ട്- MG(NR)<br>ചെലവ് -1,27,765<br>ബിൽ - 34/27.11.20<br>കരാറുകാരൻ: ഷാജേഷ്.TV<br>Est.No- 2019/6795 | $78.81m^2$<br>(Esti. Item No.6) | 47931.45<br>(@608.19/$m^2$ ) | 37904.45/-<br>(@480.96/$m^2$ ) | 10006<br>(10027-10.90%Tender Below+GST 12%) |
| 2 | BRC അംഗനവാടി ട്രസ്സ് വർക്ക് (SO121/21)<br>TS No: 78065/2019-20 (CI 31.06%)<br>Agri.No: 56/AE/LSGD /EDPL/19-20 Dtd.14.11.19<br>(Tender Below-11.90%)<br>M.Book No: 581/19-20<br>അടങ്കൽ -1,15,000<br>ഫണ്ട്- MG(NR)<br>ചെലവ് -98488 | $46.68m^2$<br>(Esti. Item No.6) | 28390<br>(@608.19/$m^2$ ) | 22451<br>(@480.96/$m^2$ ) | 5860<br>(5939-11.90% Tender Below+GST 12%) |

| | | | | | |
|---|---|---|---|---|---|
| | ബിൽ - 8/24.4.20<br>കരാറുകാരൻ: ഷാജേഷ്.TV<br>Est.No- 2019/6809 | | | | |
| 3 | പൊൽപ്പാക്കര സ്കൂൾ പുനരുദ്ധാരണം (SO231/21)<br>TS No: 72007/2019-20 (Cl 31.06%)<br>Agri.No: 100/AE/LSGD/EDPL /19-20 Dtd.30.12.19<br>(Estimate Rate)<br>M.Book No: 758/19-20<br>അടങ്കൽ -4,00,000<br>ഫണ്ട്- തനത് ഫണ്ട്<br>ചെലവ് -3,14,031<br>ചെക്ക് - 22000518/30.11.20<br>കരാറുകാരൻ: അരവിന്ദാക്ഷൻ.E<br>Est.No- 2019/6773 | $130.22m^2$<br>(Esti. Item No.3) | 79198.50<br>(@608.19/$m^2$ ) | 62630.61<br>(@480.96/$m^2$ ) | 18556<br>(16568-+GST 12%) |
| 4 | ഫ്രണ്ട് ഓഫീസ് നവീകരണം (SO209/21)<br>TS No: 93006/2018-19 (Cl 37.25%)<br>Agri.No: 41/AE/LSGD /EDPL/18-19 Dtd.21.11.18<br>(Tender Below-5.9999%)<br>M.Book No: 181/19-20<br>അടങ്കൽ -3,50,000<br>ഫണ്ട്- തനത് ഫണ്ട്<br>ചെലവ് -2,17,690<br>ചെക്ക് - 22000526/30.11.20<br>കരാറുകാരൻ: മുഹമ്മദ് ഇക്ബാൽ.A<br>Est.No- 2018/126698 | $12.50m^2$<br>(Esti. Item No.3) | 7730.38<br>(@618.43/$m^2$ ) | 6073.50<br>(@485.88/$m^2$ ) | 1558<br>(1657-5.9999%Tender Below+GST 12%) |
| | ആകെ | | | | 35,980 |

പ്രവൃത്തികളിൽ അധികം നൽകിയ 35,980 രൂപ .

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 14 /28.12.21 (2020-21)) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 35,980 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയറിൽ നിന്നും അംഗീകരിച്ച അസി. എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| | വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|---|

| | | നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1700000 | 4, നെൽകൃഷി വിത്ത് കൂലി ചെലവ് | 1700000 | 0 |
| | 42500 | 8, ജീവനി പച്ചക്കറി കൃഷി | 42500 | 0 |
| | 210357 | 47, ലൈഫ് മിഷൻ, എസ്.സി | 210357 | 0 |
| | 140000 | 48, ലൈഫ് മിഷൻ, ജനറൽ | 140000 | 0 |
| | 1000000 | 28, ഭിന്ന ശേഷി സ്കോളർഷിപ്പ് | 1000000 | 0 |
| | 375604 | 17, വൈദ്യുത ലൈൻ നീട്ടൽ | 375604 | 0 |
| | 125000 | 24 , ക്ഷീര സബ്സിഡി | 125000 | 0 |
| | 250000 | 25, ക്ഷീര സബ്സിഡി | 250000 | 0 |
| | 117531 | 164, ക്ഷീര സബ്സിഡി | 117531 | 0 |
| | 3960992 | | 3960992 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് -മെയിൻ | 21900220 | 7672180 | 7672180 | 0 |
| KSEB | പോസ്റ്റ് മാറ്റി വെക്കൽ | -- | 198823 | 198823 | 0 |
| KSEB | വൈദ്യുത ലൈൻ നീട്ടൽ | -- | 375604 | 375604 | 0 |
| KWA | പൈപ്പ് ലൈൻ നീട്ടൽ | 21900883 | 3806284 | 2012568 | 1793716 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും

വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KUDFC | G.O.MS. 68/2018(18.5.21) | 15390222 | 16769046 | 0 | 0 | 16769046 |
| EMS ഭവന വായ്പ | 989/2010 | 11600000 | 3842645 | 0 | 0 | 3842645 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,94,853 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4,94,853 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4,94,853 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| MDCB എടപ്പാൾ | 341200 | 090301807520010 |
| MDCB എടപ്പാൾ | 153653 | 090301807520011 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-3 | 3553 | ലത, W/o ചാത്തപ്പൻ, കോൺട്രാക്റ്റർ | 120060100736/27.7.20 |
| 2018-19 | 3-3 | 9657 | സുജേഷ്.എം. | 120060100784/29.7.20 |
| 2018-19 | 3-3 | 3005 | ടി.വി. ഷാജേഷ് | 120060100812/30.7.20 |
| 2018-19 | 3-3 | 16689 | ടി.വി. ഷാജേഷ് | 120060100813/30.7.20 |
| 2018-19 | 3-3 | 4500 | എം.കെ. വിജയൻ | 120060100814/30.7.20 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | അനുബന്ധം 3 | വസ്തുനികുതി | ബഹു.നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(4) | 2016-17 | ആനുബന്ധം 4 | തൊഴിൽ നികുതി | ബഹു.നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1997-98 | (43) | 1999 | 35 | പട്ടികജാതി വർഗ്ഗ കുട്ടികൾക്ക് യൂണിഫോം കൂടിയ നിരക്കിൽ നൽകിയത് | ബഹു.നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| | 2005-06 | 2-1, | വി.ഹരിദാസ്,സെക്രട്ടറി | LF 10423/SPL .CELL/CSCD1/12, 15.06.2015 | 2890/- | 0 | 0 | 0 | 0 | 0 | 2890/- | 0 |
| 1 | 2005-06 | 2-2, 2-3 (A), 2-3(B | വി.ഹരിദാസ്,സെക്രട്ടറി | LF 10423/SPL .CELL/CSCD1/12, 16.07.2014 | 3623/- | 0 | 0 | 0 | 0 | 0 | 3740 | 0 |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-02 | 4 6 7 | കെ പി ശങ്കരൻ | LF14740/S Cell/SC5/05 1-12-06/1.03.07 | 11650 | 0 | 0 | 0 | 0 | 0 | 0 | 11650 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 2010-11 | 3-1 | ഷിനി.എം. അസിസ്റ്റന്റ് എഞ്ചിനീയർ | LF.5648/ SPL. CELL/SCD1-2014/ 14-09-2015 | 21052/- | 0 | 0 | 0 | 0 | 0 | 21052/- | 0 |
| 3 | 2005-06 | 3-1A 3-1B 3-2 3-8 | ശ്രീ.വി.ഹരിദാസ്, സെക്രട്ടറി | LF 10423/SPL .CELL/CSCD1/12, 16.07.2014 | 120520 +പലിശ | | | | | | | 120520 +പലിശ |
| 4 | 2008-09 | 3-3 3-5 3-23 | ശ്രീ.ഇ എം എൻ. സുദേവൻ | LF17975/SPL .CELL/CSCD1/12, 23.05.2015 | 75908 | | | | | | | 75908 |
| 5 | 2008-09 | 3-6 3-7 3-10എ 3-10ബി | ഷിനി.എം. അസിസ്റ്റന്റ് എഞ്ചിനീയർ | LF17975/SPL .CELL/CSCD1/12, 23.05.2015 | 108575 | | | | | | 108575 | 0 |
| 6 | 2009-10 | 3-8(1) 3-8(2) 3-13(2) | ഷിനി.എം. അസിസ്റ്റന്റ് എഞ്ചിനീയർ | LF17976/SPL .CELL/CSCD1/12, 15.03.2015 | 21769 | | | | | | 0 | 21769 |
| 7 | 1997-98 | 37 43 | ശ്രീമതി. സരോജിനിയമ്മ, സെക്രട്ടറി | LF7740/SPL .CELL/SC3/2000 08.05.2002 | 69574 | | | | | 69574 | 0 | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101187301.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84749924 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 45926 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 528713 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 9946 | ശ്രീമതി.അനിത പി കെ , അസിസ്റ്റന്റ് എഞ്ചിനിയർ (4973 രൂപ)<br>ശ്രീമതി.അനില അന്ന വർഗ്ഗീസ് , അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ (4973 രൂപ) |
| 3-2 | | 35980 | ശ്രീമതി.അനിത പി കെ , അസിസ്റ്റന്റ് എഞ്ചിനിയർ (17990 രൂപ)<br>ശ്രീമതി.അനില അന്ന വർഗ്ഗീസ് , അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ (17990 രൂപ) |
| | | 45926 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-12 | 28,925 | ഡോ. ശിൽപ പുരുഷോത്തമൻ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) |
| 1-23 | 4,99,788 | ലീന.കെ.ജി, സെക്രട്ടറി. |
| | 5,28,713 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനിത.പി.കെ അസിസ്റ്റന്റ് എഞ്ചിനിയർ | വടക്കേക്കാട് ഗ്രാ.പ അസിസ്റ്റന്റ് എഞ്ചിനിയർ | പെരുവഴിപുരത്ത് വീട്<br>തമ്പാൻ കടവ്<br>രവി നഗർ<br>തളിക്കുളം,തൃശ്ശൂർ<br>680569 |
| ശ്രീമതി.അനില അന്ന വർഗ്ഗീസ് , അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ | കോട്ടയം നഗരസഭ അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ | W/o ജോർജ്ജ്<br>മുളമൂട്ടിൽ<br>വെൺമണി (PO)<br>സെന്റ് തോമസ്<br>മാർത്തോമാ ചർച്ച്<br>(Near)<br>ആലപ്പുഴ-689509 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88, 1988-89 | LFM 7/732/97, 30.05.1997 | 13 |
| 1989-90, 1990-91 | LFM 7/733/97, 30.05.1997 | 4 |
| 1991-92 | LFM 7/734/97, 30.05.1997 | 6 |
| 1992-93, 1993-94 | LFM 7/735/97, 30.05.1997 | 24 |
| 1994-95, 1995-96 | LFM 14/131/98, 24.03.1998 | 4 |
| 1996-97 | LFM 7/658/97, 05.03.1998 | 17 |

| | | |
|---|---|---|
| 1997-98 | LFM 11/1404/99, 24.03.2000 | 2 |
| 1998-99 | LFM 12/1373/99, 11.11.1999 | 19 |
| 1999-2000 | LFM 11/357/01, 03.06.2004 | 9 |
| 2000-01 | LFM 11/1420/99, 23.06.2004 | 16 |
| 2001-02 | LFM 17/1056/03, 06.04.2004 | 9 |
| 2002-03 | LFM 9/332/05, 29.04.2005 | 14 |
| 2003-04 | LFM 6/05/08, 17.05.2008 | 16 |
| 2004-05 | KSA MPM28/1204/16 , 27.1.2018 | 54 |
| 2005-06 | LFM 6/243/10, 21.03.2012 | 12 |
| 2006-07 | LFM 10/889/11, 21.03.2012 | 7 |
| 2007-08 | LFM 18/598/11, 21.03.2012 | 21 |
| 2008-09 | LFM 18/599/11, 21.03.2012 | 16 |
| 2009-10 | LFM 18/600/11, 21.03.2012 | 27 |
| 2010-11 | KSA MPM28/1204/16 , 27.1.2018 | 17 |
| 2011-12, 2012-13 | KSA MPM28/669/16 , 27.1.2018 | 23 |
| 2013-14, 2014-15 | KSAMPM 28/1928/2016, 17.7.17 | 15 |
| 2015-16 | KSAMPM 28/29/2017, 08.02.2017 | 24 |
| 2016-17 | KSAMPM 28/2458/2017, 23.7.18 | 21 |
| 2017-18 | KSAMPM 28/204/2019, 2.7.2019 | 17 |
| 2018-19 | KSAMPM 28/ 2588-19, 12.2.2021 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്